


# പ്രലോഭനത്തെ അതിജീവിച്ച ഈശോ

(മത്തായി 4:1 – 11)

Vol. 10, Issue: 41

ബ്ര. വർഗ്ഗീസ് ചിലമ്പട്ടുശ്ശേരി MCBS

ഒരുവട്ടം കൂടി പാവനമായ നോമ്പുകാലം വന്നെത്തിയിരിക്കുന്നു. ആത്മീയജീവിതത്തിന്റെ പുത്തൻ ചക്രവാളങ്ങൾ സ്വായത്തമാക്കുവാൻ തിരുസഭാ മാതാവ് ഒരിക്കൽ കൂടി ഒരു നോമ്പുകാലത്തിലൂടെ നമ്മെയോരോരുത്തരെയും ക്ഷണിക്കുന്നു. അനുഗ്രഹപ്രദമായ വലിയ നോമ്പിലേയ്ക്ക് തിരുസഭാ മാതാവിന്റെ വിരൽത്തുമ്പു പിടിച്ചുകൊണ്ട് നമുക്കും പ്രവേശിക്കാം. ആധുനികജീവിതശൈലിയുടെ തിക്കിലും തിരക്കിലുംപെട്ട് നഷ്ടപ്പെട്ട ആത്മീയതയുടെ മൂല്യങ്ങൾ സ്വന്തമാക്കാൻ വീണ്ടുമൊരു അവസരം കൂടി നമുക്ക് ലഭിച്ചിരിക്കുന്നു.

വിഭൂതിക്കുറി അണിഞ്ഞുകൊണ്ട് ഏതാണ്ട് എഴ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന, കാൽവരി ലക്ഷ്യമാക്കിയുള്ള തീർത്ഥയാത്ര. ഈശോയുടെ പരസ്യശുശ്രൂഷയ്ക്കു മുന്നോടിയായിട്ടുള്ള ഒരുക്കശുശ്രൂഷയിലേയ്ക്ക്, മരുഭൂമി അനുഭവത്തിലേയ്ക്ക് ഈശോ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയായിരുന്നു. ദൈവാനുഭവത്തിന്റെയും ദൈവീക വെളിപാടുകളുടെയും ഇടമാണ് മരുഭൂമി. അതുപോലെ തന്നെ ഒറ്റപ്പെടലിന്റെയും പ്രലോഭനങ്ങളുടെയും ഇടങ്ങൾ. നാൽപതു ദിവസത്തെ ഉപവാസത്തിനുശേഷം വിശപ്പിന്റെ പേരിൽ ഭക്ഷണത്തിന്റെ രൂപത്തിലും ഭാവത്തിലും പ്രലോഭകന്റെ രംഗപ്രവേശം. തുടർന്ന് പേരും പെരുമയും, അധികാരവും സമ്പത്തുമെല്ലാം പ്രലോഭനഹേതുവായി തീരുകയാണ്. ഒരു മനുഷ്യായുസ്സിൽ വേണ്ടതെല്ലാം വച്ചുനീട്ടിക്കൊണ്ടാണ് പ്രലോഭകൻ ഈശോയെ സമീപിക്കുന്നത്. എന്നാൽ, ഈ ലോകത്തിന്റെ കണക്കുകൂട്ടലുകൾക്കും സ്വപ്നങ്ങൾക്കും മുകളിലാണ് ആത്മീയതയുടെ മൂല്യങ്ങൾ എന്ന് ഈശോയുടെ മറുപടികൾ വ്യക്തമാക്കുന്നു.

സഹോദരങ്ങളെ, എന്താണ് യാഥാർത്ഥ ഉപവാസം എന്ന് നാം ഒന്നാം വായനയിലൂടെ തിരിച്ചറിഞ്ഞു. ഏശയ്യാ പ്രവാചകന്റെ പുസ്തകം 58-ാം അദ്ധ്യായം 6, 7 വാക്യങ്ങളിൽ ഉപവാസത്തിന്റെ ശ്രേഷ്ഠതയെ എടുത്തുകാണിക്കുന്നുണ്ട്. ഈശോയുടെ ഉപവാസം നാൽപതു ദിനരാത്രങ്ങൾ നീണ്ടുനിന്നുവെന്ന വസ്തുതയ്ക്ക് സുവിശേഷകൻ ഊന്നൽ

നൽകുന്നുവെന്നത് ശ്രദ്ധേയമാണ്. നാൽപത് എന്ന സംഖ്യാസൂചനയ്ക്ക് ബൈബിളിലെ രക്ഷാകരചരിത്രത്തിൽ പ്രത്യേക പ്രാധാന്യമുള്ളതായി കാണാം. ഉൽപ. 7:12–ൽ ''പാപത്തിന്റെ ഫലമായി നോഹയുടെ കാലത്ത് ജലപ്രളയമുണ്ടായപ്പോൾ നാൽപതു രാവും പകലും അവിരാമം മഴ പെയ്തു.'' അപ്പ. പ്രവ. 7:30–ൽ ഈജിപ്തുകാരനെ കൊന്ന മോശ, മിദിയാൻ ദേശത്ത് നാൽപതു വർഷം ഒളിവിൽ കഴിഞ്ഞത് സമാനമായ അർത്ഥത്തിലാണ്. പുറ. 24:18; നിയമാ. 9: 18–ൽ ''ഇസ്രായേലിനുവേണ്ടി സീനായ് മലയിൽ മോശ നാൽപതു രാവും പകലും ദൈവതിരുമുമ്പിൽ മാദ്ധ്യസ്ഥ്യം വഹിച്ച് ഉപവസിച്ചു പ്രാർത്ഥിച്ചു.'' 1 രാജാ. 19:8; സംഖ്യ 13:25; 1 സാമു. 17:16 തുടങ്ങിയ വചനങ്ങൾ നാൽപതു ദിവസത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു. ചുരുക്കത്തിൽ നാൽപത് ദിനരാത്രങ്ങൾ നീളുന്ന ഈശോയുടെ തപസ്സ് മനുഷ്യന്റെ പാപത്തിനു പരിഹാരം ചെയ്യുവാൻ അവിടുന്ന് സഹിക്കാനിരിക്കുന്ന കഷ്ടതയുടെ മുന്നൊരുക്കമായിരുന്നു.

പ്രിയമുള്ളവരേ, ലൂക്കാ 5:16–ൽ, അപ്പം വർദ്ധിപ്പിച്ചു കിട്ടാനും, രോഗികളെ സുഖപ്പെടുത്താനും, രാജാവാക്കി മാറ്റാനും ജനം പിന്തുടർന്നപ്പോഴൊക്കെ വിജനതയിലേയ്ക്ക് പിതാവുമായി സംസാരിക്കുവാൻ പിൻവാങ്ങുന്ന ക്രിസ്തുവിനെയാണ് നാം കാണുന്നത്. താഴ്‌വരകളുടെ പ്രലോഭനത്തിൽ നിന്നും ഓടിയകന്നവന് മലമുകളിലും കാത്തിരിക്കുന്നത് പ്രലോഭനം തന്നെ. പ്രലോഭനം അതിൽത്തന്നെ തിന്മയല്ല; തിന്മയിലേയ്ക്കുള്ള പ്രേരണ മാത്രമാണ്. ദൈവം പ്രലോഭനങ്ങളെ എത്ര സുന്ദരമായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് വി. ഫ്രാൻസിസ് അസ്സീസി അവകാശപ്പെടുന്നുണ്ട്. ''എനിക്ക് പ്രലോഭനമുണ്ടാകുന്നെങ്കിൽ ഞാൻ ഇനിയും പൂർണ്ണമായി സാത്താന് അടിമപ്പെട്ടിട്ടില്ല.'' യേശുവിന്റെ പ്രലോഭനങ്ങൾ മരുഭൂമിയിലെ ഏതാനും നിമിഷങ്ങൾ കൊണ്ട് തീരുന്നില്ല. കർത്താവ് മരണത്തോളം പ്രലോഭിതനായെങ്കിൽ നാം എത്രത്തോളം പ്രലോഭിതരാകാം.

പ്രിയമുള്ളവരേ, ഈശോ കടന്നുപോയ മൂന്നു പ്രലോഭനങ്ങൾ – വിശപ്പിന്റെ മുമ്പിൽ അപ്പമായിത്തീരുവാനുള്ള പ്രലോഭനം, ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്നു ചാടി അത്ഭുതപ്രവർത്തകനായി കൈയ്യടി വാങ്ങാനുള്ള പ്രലോഭനം, ലോകവും ലോകം നൽകുന്ന സമ്പത്തും അധികാരവും സ്വന്തമാക്കാനുള്ള പ്രലോഭനവും. നമ്മുടെ അനുദിന ജീവിതത്തിന്റെ ആത്മീയ മരുഭൂമിയിൽ ഈശോ അനുഭവിച്ച അതേ പ്രലോഭനങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്നു. ആയതിനാൽ, ഈ നോമ്പുകാലം ഈശോയുടെ കൂടെയായിരിക്കാം; രക്ഷാകരമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാം; ആത്മാവിന്റെ കാര്യത്തിൽ കൂടുതൽ പ്രിയമുള്ളവരാകാം; പ്രലോഭനങ്ങളെ വിജയിക്കുവാനുള്ള മത്സരവേദിയാക്കാം. ലേഖനത്തിൽ വായിച്ചുകേട്ടതുപോലെ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി നമുക്ക് പുതിയ മനുഷ്യനെ സ്വീകരിക്കാം. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ...

ഈശോയുടെ സുവിശേഷത്തിനു വേണ്ടി സാക്ഷിയാകുവാൻ, ഉത്ഥാനചൈതന്യം സ്വന്തമാക്കുവാൻ, കൃപയുടെ സമൃദ്ധിയിൽ വളരുവാൻ നോമ്പിന്റെ ചൈതന്യം ബോധപൂർവ്വം സ്വീകരിക്കാം. നോമ്പ്, തമ്പുരാനോടു കൂടി ആയിരിക്കുവാൻ, സഹോദരനെ അവനായിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കട്ടെ. നോമ്പ് വ്യക്തിപരമായ വിശുദ്ധീകരണത്തിന് ഇടയായി ത്തീരട്ടെ. പ്രലോഭനങ്ങളെ അതിജീവിച്ച് യേശുവിൽ ജീവിക്കുന്നവരായി മാറാം.

എല്ലാ പ്രലോഭനങ്ങളെയും എതിർത്ത് വിജയം വരിച്ചവനിൽ ആശ്രയിക്കാം. അങ്ങനെ ഈ നോമ്പുകാലം ദൈവത്തിന് പ്രീതികരമായ രീതിയിൽ ജീവിച്ചുതീർക്കുവാൻ ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.